ദേശാഭിമാനി
15 September 2017



► ഡോ. ട്യൂണ പിള്ള ഫിഷർഫോക്ക് വെൽഫെയറിന്റെ ധനസഹായം മായ കാർത്തികേയന് പദ്മജ പിള്ള നൽകുന്നു

# ഡോ. ട്യൂണ പിള്ള ഫിഷർഫോക്ക് ധനസഹായം നൽകി

**കൊച്ചി >** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞനായിരുന്ന ഡോ. പി പി പിള്ളയുടെ പേരിൽ കുടുംബം സ്ഥാപിച്ച ട്യൂണ പിള്ള ഫിഷർഫോക്ക് വെൽഫെയറിന്റെ ധനസഹായം മത്സ്യത്തൊഴിലാളി ദമ്പതികളായ ചേറ്റുവയിലെ കെ വി കാർത്തികേയന്റെയും കെ സി രേഖയുടെയും മകൾ മായ കാർത്തികേയനു നൽകി.

പാലൂർ എഎൽഎച്ച്എസിൽ പ്ലസ്ടു വിദ്യാർഥിനിയാണ് മായ. കടലിൽ മീൻപിടിക്കാൻ പോകുന്ന ഏക വനിതയാണ് മായയുടെ അമ്മ രേഖ. കാർത്തികേയനെയും രേഖയെയും നേരത്തെ സിഎംഎഫ്ആർഐ ആദരിച്ചിരുന്നു.

മത്സ്യത്തൊഴിലാളി സമൂഹത്തിൽ സ്ത്രീശാക്തീകരണം യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം മുതലാണ് മത്സ്യത്തൊഴിലാളി സമൂഹത്തിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ വിദ്യാഭ്യാസ ധനസഹായം ഏർപ്പെടുത്തിയത്. രാജ്യാന്തര ശ്രദ്ധ നേടിയ ട്യൂണ (ചൂര) മത്സ്യ ഗവേഷകനായിരുന്നു ട്യൂണ പിള്ള എന്ന് അറിയപ്പെടുന്ന ഡോ. പി പി പിള്ള.

സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ ഡോ. പിള്ളയുടെ ഭാര്യ പദ്മജ പിള്ള ധനസഹായം കൈമാറി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, ആശ പി പിള്ള, സി ആർ സത്യവതി, ഡോ. ആർ നാരായണകുമാർ, ഡോ. ഷോജി ജോസഫ് എന്നിവർ സംസാരിച്ചു.